# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.08/2372/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/11/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(AIMS)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,മലപ്പുറം.(E-Mail)
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.08/2372/2025 തീയ്യതി: 11/11/2025

# മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 24-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (പൂർണ്ണ അധികചുമതല) | 25-09-2025 | 03-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 25-09-2025 | 03-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുൽ ഗഫൂർ സി, ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ്. വി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷംസിയ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിം എൻ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹസ്ക്കറലി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് അഷ്റഫ്. വൈ.പി | സെക്രട്ടറി | 01-04-2024 | 28-03-2025 |
| ശ്രീമതി. ലിസ. എൽ | സെക്രട്ടറി | 29-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീബ. എ. എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 02-12-2024 |
| ശ്രീമതി. സമീന. ഇ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 03-12-2024 | 31-03-2025 |
| ശ്രീ. അലി ഫൈസൽ. കെ. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 10-09-2024 |
| ശ്രീ. നന്ദകുമാർ. കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 11-09-2024 | 31-03-2025 |
| ശ്രീമതി. സജിത. ടി. വി. | ക്ഷീര വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. സതീഷ്കുമാർ. കെ. | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. നജ്മുദ്ദീൻ. ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ജയഗീത. കെ. എം. | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2024 | 30-04-2024 |
| ശ്രീമതി. ഖമറുന്നീസ എൻ | ശിശുവികസന പദ്ധതി ഓഫീസർ | 01-05-2024 | 23-05-2024 |

| | | | |
|---|---|---|---|
| ശ്രീമതി. അജിത കുമാരി എൻ | ശിശുവികസന പദ്ധതി ഓഫീസർ | 24-05-2024 | 31-05-2024 |
| ശ്രീമതി.ഖമറുന്നീസ എൻ | ശിശുവികസന പദ്ധതി ഓഫീസർ | 01-06-2024 | 21-07-2024 |
| ശ്രീമതി. റിംസി.വി. എം. | ശിശുവികസന പദ്ധതി ഓഫീസർ | 22-07-2024 | 29-10-2024 |
| ശ്രീമതി. ഗീത സി | ശിശുവികസന പദ്ധതി ഓഫീസർ | 30-10-2024 | 08-12-2024 |
| ശ്രീമതി.റിംസി.വി. എം. | ശിശുവികസന പദ്ധതി ഓഫീസർ | 09-12-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് ഷാഹിദ് കെ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 26-06-2024 |
| ശ്രീ. ഉസ്മാൻ. പി.ടി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 27-06-2024 | 31-03-2025 |
| ശ്രീ. ബ്രിജേഷ് എറക്കൻ | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ഉമ്മർ പള്ളിയാളി | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്ററിലെ തുക വ്യത്യാസം | 1-1-2 |
| 4 | എ.സി.ആർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-3 |
| 5 | ലേല ഇനത്തിലെ വരവ് അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-4 |
| 6 | റിഡംഷൻ തുക 27,40,000 രൂപ ലഭിക്കാൻ അവശേഷിക്കുന്നു. | 1-1-5 |
| 7 | ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല. | 1-1-6 |
| 8 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല. | 1-1-7 |
| 9 | ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-8 |
| 10 | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവിധ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ. | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 21 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 22 | താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 1-12 |
| 23 | വാടക കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നു | 1-13 |
| 24 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-14 |
| 25 | കൊടശ്ശേരി പറ്റക്കുന്ന് കോളനിയിൽ വയോജന പാർക്ക് - പദ്ധതി | 1-15 |

| | | |
|---|---|---|
| | നിർവ്വഹണത്തിലെ അപാകതകൾ. | |
| 26 | ഗവ.ഹയർസെക്കണ്ടറി സ്കൂളുകളിലെ വനിതാ ഫിറ്റ്നസ് സെന്റർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-16 |
| 27 | വിജ്ഞാനവാടി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-17 |
| 28 | ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-18 |
| 29 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - അപാകതകൾ. | 1-19 |
| 30 | വണ്ടൂർ താലൂക്ക് ആശുപത്രി മാനേജിംഗ് കമ്മിറ്റി-AFS ലഭ്യമാക്കിയില്ല | 1-20 |
| 31 | ഈവനിംഗ് ഒ.പി. ഡോക്ടർക്ക് അധികം വേതനം നൽകി | 1-21 |
| 32 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-22 |
| 33 | വാഹന വാടകയ്ക്ക് ആദായ നികുതി ഈടാക്കിയില്ല, മറുപടി നൽകേണ്ടതാണ് | 1-23 |
| 34 | എസ്.സി.ഡി.ഒ ഓഫീസ് പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകതകൾ | 1-24 |
| 35 | കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല – ഈടാക്കാൻ ഭരണ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ് | 1-25 |
| 36 | നിശ്ചിത സമയത്തിനകം കരാർ വെക്കാത്തത് -പിഴ ഈടാക്കിയില്ല | 1-26 |
| 37 | ഇ ടെണ്ടർ ഫീ -ബ്ളോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ്. | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി. | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |

| | | |
|---|---|---|
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.06.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 11.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 11-11-2025

## 1-1-1 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (1,846,513 രൂപ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും(2,605,375 രൂപ) തുല്യമല്ല.

## 1-1-3 എ.സി.ആർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം

2024-25 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച സി.എഫ്.സി ഗ്രാന്റ് എ.സി.ആർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു.

| CFC Grant | എ.സി.ആർ (2024-25) | വാർഷികകണക്ക് 2024-25 (RP 7) പ്രകാരം |
|---|---|---|
| Basic | 68,71,684 | 73,29,209 |
| Tied | 1,60,18,977 | 1,51,74,500 |

## 1-1-4 ലേല ഇനത്തിലെ വരവ് അക്കൗണ്ട് ചെയ്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പോരൂർ പഞ്ചാത്തിൽ സ്ഥിതി ചെയ്യുന്ന 4/804 F കടമുറി പ്രതിമാസം 3567 (+18%GST) രൂപ നിരക്കിൽ ലേലം ചെയ്തതായി 17.03.2025ലെ ഭരണസമിതി തീരുമാനം നമ്പർ 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട് . ആയത് പ്രകാരമുള്ള രേഖപ്പടുത്തലുകൾ ലേല രജിസ്റ്ററിൽ വരുത്തിയിട്ടുണ്ട്. എന്നാൽ ലേല വരവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 റിഡംഷൻ തുക 27,40,000 രൂപ ലഭിക്കാൻ അവശേഷിക്കുന്നു.

2023-24 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-15 പ്രകാരവും 2024-25 വർഷത്തെ ട്രയൽബാലൻസ് പത്രികയിലെ മുന്നിരിപ്പ് പ്രകാരവും 431600199 എന്ന ശീർഷകത്തിൽ ( Receivables From Government (Redumption Amount) ) 63,02,287/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റസിപ്റ്റ് ആന്റ് പേയ്മന്റ് പത്രിക RP-43 Shedule പ്രകാരം 2024-25 വർഷം (Receivables From Government (Redumption Amount) എന്ന ശീർഷകത്തിൽ 35,62,287/- രൂപ മാത്രം ക്രഡിറ്റ് ആയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം മുൻവർഷത്തെ റിഡംഷൻ തുക തിരികെ 27,40,000 രൂപ ലഭിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക തിരികെ ലഭ്യമാകാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-1-6 ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല.

31.3.24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B 3 പ്രകാരമുള്ള “Capital Contribution” (ശീർഷകം 312100101) എന്ന ശീർഷകത്തിലെ അതേ തുക തന്നെയാണ് 31.3.25 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. [ അതേ സമയം സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി " വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭിന്നശേഷി കെട്ടിട നിർമ്മാണം മൂന്നാം ഘട്ടം" (പ്രോജക്ട് നം.190) എന്ന പദ്ധതി പ്രവർത്തനം വികസന ഫണ്ട് (പൊതു വിഭാഗം) ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളത് ആണ്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് പൂർത്തീകരിക്കുന്ന വിവിധ പ്രോജക്ടുളിലെ/പ്രവൃത്തികളുടെ മൂല്യം “Capital Contribution” എന്ന ശീർഷകത്തിൽ ചേർക്കാത്തതാണ് ഇതിന് കാരണം. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിന് കാരണമാകുന്നത് 26.7.2011 ലെ ജി ഒ(എം.സ്, നം. 152/11/ തസ്വഭവ പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-7 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം താഴെ ചേർത്തിട്ടുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B4-ൽ ചേർത്ത് കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക (രൂപയിൽ) |
|---|---|---|---|
| 1 | 450210102 | SBT Tender Fee 41627286958 | 5,69,908 |
| 2 | 450450105 | Treasury – Special Funds-5 | 1,00 |
| 3 | 450610106 | SBT (Keralotsavam) 67099982278 | 9,10,452 |
| 4 | 450610107 | SBT (ICDS) 67034958069 | 10,45,180 |

## 1-1-8 ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

31.3.25 ലെ ബാലൻസ്ഷീറ്റ് പ്രകാരം വിവിധതരം റോഡുകളുടേയും, പാലങ്ങളുടേയും ആസ്തിമൂല്യം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വാർഷിക കണക്ക് പ്രകാരം മൂല്യം (രൂപയിൽ) |
|---|---|---|
| 1 | 410300102– Roads – Tarred | 1,15,16,475 |
| 2 | 410300103 – Roads - Metal | 1,07,75,158 |
| 3 | 410300105 – Roads - Earthern | 16,325 |
| 4 | 410300302 - Bridges | ചേർത്തിട്ടില്ല |
| | ആകെ മൂല്യം | 2,23,07,958 |

എന്നാൽ ഇതേ ബാലൻസ് ഷീറ്റ് പ്രകാരം 31.3.25-ൽ ഈ ആസ്തികളുടെ ആകെ തേയ്മാന ചെലവ് (Accumulated Depreciation) ആയി (ശീർഷകം - 411300101) കണക്കാക്കിയ മൂല്യം 4,46,66,398 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാനചെലവ് കണക്കാക്കാൻ ആവില്ല.

## 1-1-9 സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവിധ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജില്ലാ പഞ്ചായത്ത് വിഹിതം, വിവിധ ഗ്രാമ

പഞ്ചായത്തുകളുടെ വിഹിതം എന്നീ ഫണ്ടുകൾ ഉപയോഗിച്ച് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ചെലവുകൾ സുലേഖ പത്രിക പ്രകാരവും വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (രൂപയിൽ) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (രൂപയിൽ) | | | വ്യത്യാസം (രൂപയിൽ) |
|---|---|---|---|---|---|---|
| | | | റവന്യൂ ചെലവ് (ഷെഡ്യൂൾ I6) | മൂലധന ചെലവ് (ഷെഡ്യൂൾ B-3) | ആകെ | |
| 1 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 2,21,81,006 | 2,44,49,897 | - | 2,44,49,897 | 22,68,891 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 6,58,000 | 13,31,484 | - | 13,31,484 | 6,73,484 |
| 3 | ഗ്രാമ പഞ്ചായത്ത് വിഹിതം | 26,16,000 | 23,25,793 | - | 23,25,793 | 2,90,207 |

## 1-1-10 പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4)(ജി) വ്യവസ്ഥപ്പെടുത്തൽ പ്രകാരവും 26.7.11 ലെ ജി.ഒ (എം.എസ്) നം.152/11/തസ്വഭവ പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയമനുസരിച്ചും ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുണ്ട്. വാർഷിക കണക്കിലെ ഷെഡ്യൂൾ B 15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിച്ച് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25 ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/12.02.2024 | 1(1)/13.03.2025 |

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,14,55,785 |
| വരവ് | 13,49,30,703 |
| ആകെ | 15,63,86,488 |
| ചെലവ് | 13,30,84,190 |
| നീക്കിയിരിപ്പ് | 2,33,02,298 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്പിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|

| | (₹) | വരവ് (₹) | (₹) | (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 40320480 | 40320480 | 39701739 | 618741 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 30400000 | 30400000 | 30400000 | 0 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 0 | 1933520 | 1933520 | 979400 | 954120 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 23739000 | 23739000 | 16607227 | 7131773 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 16018977 | 16018977 | 12114389 | 3904588 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 6871684 | 6871684 | 10066617 | -3194933 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 180525534 | 151 | 117290773 | 0 | 54 | 73.66% |

## 1-6 തൊഴിലുറപ്പു പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ.

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2025 ന് 03.30 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ വിവിധ ഖണ്ഡികകളിലായി പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.07.2025 | 2024-25 | 30.07.2025 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.2023 | 2018-19 മുതൽ 2022-23 വരെ | 10.11.2023 |

| | | | | |
|---|---|---|---|---|
| | (സെക്രട്ടറിയുടെ ചെലവുകൾ) | | | |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്കീം 2 പ്രകാരമാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 3/25.09.25 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -2 |
|---|---|
| 2021-22 | 0 |
| 2022-23 | 0 |
| 2023-24 | 2757000 |
| 2024-25 | 4217000 |
| ആകെ | 6974000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -2 |
|---|---|
| 2021-22 | 0 |
| 2022-23 | 0 |
| 2023-24 | 0 |
| 2024-25 | 2392505 |
| ആകെ | 2392505 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| | ബാലൻസ് | പലിശ | B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| സ്കീം 2 | 4581495 | 97432 | 4688842 (ബാങ്ക് ചാർജ്ജ്-295) വ്യത്യാസം 10210 |
| ആകെ | 4581495 | 97432 | 4688842 |

10210 രൂപയുടെ വ്യത്യാസം വ്യക്തമാക്കി മറുപടി നൽകേണ്ടതാണ്.

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| | | |
|---|---|---|
| 2024-25 | തിരുവാലി എഫ്.എച്ച്.സിയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ (230/25) | 2392505 |

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

| പ്രോജക്ട് | അടങ്കൽ/ചെലവ് | ഇൻവോയ്സ് | ബിൽ/വൗച്ചർ |
|---|---|---|---|

| | | നമ്പർ | നമ്പർ |
|---|---|---|---|
| 257/25 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 1000000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) 878000(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | C/043/24-25 Dtd 20.03.2025-RS 126000 | 24151463020401630028/ 21.03.2025-RS 126000 |
| | | C/070/24-25 Dtd 21.03.2025-RS 41500 | 24151463020401644337/ 22.03.2025-RS 41500 |
| | | C/055/24-25 Dtd 24.03.2025-RS 198000 | 24151463020401665517/ 24.03.2025-RS 198000 |

MOCHC നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ജെം മുഖേന വാങ്ങിയിട്ടുണ്ട്. C/043/24-25 Dtd20.03.2025-RS 126000(98437.50+28%), C/055/24-25 Dtd 24.03.2025-RS 198000(154687.48+28%) എന്നീ ഇൻവോയ്സുകൾ പ്രകാരം തേജസ് ട്രേഡിങ്ങ് കോർപ്പറേഷൻ, പാപ്പനംകോഡ്, തിരുവനന്തപുരത്തു നിന്നും AC വാങ്ങിയിട്ടുണ്ട്. 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്.ടി പദ്ധതിയിൽ GST-TDS 2% (5062) രൂപ കുറവ് ചെയ്തിട്ടില്ല. C/070/24-25 Dtd 21.03.2025-RS 41500 പ്രകാരം LLOYID-GLS1215FOGEC 1 TON 5 STAR SPLIT AC വാങ്ങിയിട്ടുള്ളത് SUNRISE ENTERPRISES, കരമന ,തിരുവനന്തപുരത്തു നിന്നുമാണ് എന്നാൽ തേജസ് ട്രേഡിങ്ങ് കോർപ്പറേഷൻ, പാപ്പനംകോഡ്, തിരുവനന്തപുരത്തിനാണ് തുക അനുവദിച്ചിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും GST രജിസ്ട്രേഷൻ ഉള്ള ബ്ലോക്ക് പഞ്ചായത്ത് TDS കുറവ് ചെയ്ത് റിട്ടേൺ സമർപ്പിക്കുമ്പോൾ യഥാസമയം പ്രസ്തുത വിവരം GST വകുപ്പിനെ അറിയിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്. ജി.എസ്.ടി. നിയമപ്രകാരം TDS നടത്താത്ത വ്യക്തികൾക്ക് എതിരെ ഫൈൻ ഉൾപ്പെടെ ചുമത്താമെന്നിരിക്കെ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-22/03.10.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 വാടക കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നു

വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റ വാടക രജിസ്റ്ററും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതു പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 2 കെട്ടിടങ്ങളിലെ മുറികളിൽ നിന്നുമാണ് വാടക ഇനത്തിൽ വരവ് ലഭിക്കുന്നത്. സഞ്ചയ പ്രകാരം വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റ ഉടമസ്ഥതയിൽ പോരൂർ പഞ്ചായത്തിലെ കെട്ടിടത്തിൽ 7 മുറികളും തിരുവാലി ഗ്രാമപഞ്ചായത്തിൽ 1 കെട്ടിട മുറിയും ഉണ്ട്. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ/ സ്ഥാപനം | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | 4/43 A (തിരുവാലി പഞ്ചായത്ത്) | ഐശ്വര്യ-അമൃതം ന്യൂട്രീമിക്സ് | 2237+ 18% GST | ഇല്ല |
| 2 | 4/804A (പോരൂർ പഞ്ചായത്ത്) | ഒഴിവ് | | - |
| 3 | 4/804B (പോരൂർ പഞ്ചായത്ത്) | ഒഴിവ് | | - |
| 4 | 4/804C (പോരൂർ | ഒഴിവ് | | - |

| | | | | |
|---|---|---|---|---|
| | പഞ്ചായത്ത്) | | | |
| 5 | 4/804D (പോരൂർ പഞ്ചായത്ത്) | ഒഴിവ് | | - |
| 6 | 4/804E (പോരൂർ പഞ്ചായത്ത്) | ലാവണ്യ പോരൂർ കുടുംബശ്രീ CDS | 3686 + 18%GST | 14744 (2024 ഡിസംബർ മുതൽ 2024 മാർച്ച് വരെ) |
| 7 | 4/804F (പോരൂർ പഞ്ചായത്ത്) | ശ്രീമതി. രജിത പ്രഭ | 3567+18% GST | പ്രവർത്തനമാരംഭിച്ചിട്ടില്ല. |
| 8 | 4/804G (പോരൂർ പഞ്ചായത്ത്) | ഒഴിവ് | | - |

വാടക പിരിവ് പരിശോധനയുമായി ബന്ധപ്പെട്ട അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള വാടക കെട്ടിടവുമായി ബന്ധപ്പട്ട് ബൈലോ തയ്യാറാക്കിയിട്ടില്ല.

2. വാടകക്കാരുമായി വാടക കരാറിൽ ഏർപ്പട്ടതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. ക്രമ നം 7 ലെ കെട്ടിട മുറി ശ്രീമതി.രജിത പ്രഭ (3567+gst) രൂപ പ്രതിമാസ വാടകയ്ക്ക് ലേലം കൊണ്ടത് 17.03.2025ലെ ഭരണസമിതി യോഗം തീരുമാനം നമ്പർ 17/1 ആയി അംഗീകരിച്ചിട്ടുണ്ട്. 17.03.2025ലെ ഭരണസമിതി യോഗം തീരുമാനം നമ്പർ 17/2 പ്രകാരം റൂം പാർട്ടീഷ്യൻ ചെയ്യുന്നതിന് ശ്രീമതി രജിത പ്രഭയ്ക്ക് അനുമതി നൽകുന്നതിനും ആയതിനു വേണ്ടി വരുന്ന ചെലവ് ബ്ലോക്ക് പഞ്ചായത്ത് അസി. എഞ്ചിനീയറുടെ വാല്യുവേഷൻ അടിസ്ഥാനത്തിൽ വാടകയിൽ നിന്നും കുറവ് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പടുത്തി കാണുന്നു. ടി കടമുറി ലേലം കൊണ്ടതിന് ശേഷം നാളിത് വരെ (29.09.2025) വാടക ലഭിച്ചിട്ടില്ല. നാളിതുവരെ വാല്യുവേഷൻ ചെയ്ത് നൽകാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

4. പോരൂർ പഞ്ചായത്തിലെ 4/804A മുതൽ 4/804G വരെയുള്ള കെട്ടിടങ്ങൾ വണ്ടൂർ-പെരിന്തൽമണ്ണ റോഡിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്. ആയതിൽ മേൽ പട്ടികയിലെ ക്രമ നമ്പർ 6 കെട്ടിട മുറിയിൽ നിന്ന് മാത്രമാണ് നിലവിൽ വാടക ലഭിക്കുന്നത്. മേൽ പട്ടികയിൽ ഒഴിവ് രേഖപ്പടുത്തിയ കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5. 2024-25 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-15 പ്രകാരം 4,53,110 രൂപ കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 5/2024-25/ 26.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തീർത്തും വാണിജ്യ സാധ്യതയുള്ള വണ്ടൂർ- പെരിന്തൽമണ്ണ റോഡിന് സമീപത്ത് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനും വാടക കെട്ടിടങ്ങൾക്ക് ബൈലോ തയ്യാറാക്കുന്നതിനും ഭരണസമിതി സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റിൽ ശുപാർശചെയ്യുന്നു.

## 1-14 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനത്തിന്റെ (KL 71-5153, Ertiga) പരിപാലനവുമായി ബന്ധപ്പട്ട് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. <u>രജിസ്ട്രേഷൻ നമ്പർ രേഖപ്പടുത്തുന്നില്ല</u>.

ലോഗ് ബുക്കിന്റെ നിർദിഷ്ട ഭാഗത്ത് വാഹനത്തിന്റ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നിവ രേഖപ്പടുത്തേണ്ടതാണ്.

2. <u>ഇന്ധനക്ഷമതാ ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.</u>
ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്.

3. <u>അറ്റകുറ്റപ്പണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല</u>.
വാഹനത്തിന്റ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരം യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

<u>4.ചെലവുകൾ VEELS ൽ കൃത്യമായി രേഖപ്പെടുത്തിയ വിവരം ലഭ്യമാക്കിയിട്ടില്ല.</u>
ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും ഡ്രൈവർമാരുടേയും വിവരങ്ങൾ VEELS (Vehicle Management And Location Tracking System) വെബ്സെറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധിച്ചതിൽ, VEELS ലോഗിനിൽ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനം (KL 71-5153, Etiga) ചേർത്തിട്ടുണ്ട് എന്ന് കാണുന്നു. വാഹനത്തിന് ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടേയും അനുബന്ധരേഖകളുടേയും പരിപാലനവും നിയമപ്രകാരമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണത്തിന് നം. 23/3.01.2025 ലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല.

## <u>1-15 കൊടശ്ശേരി പറ്റക്കുന്ന് കോളനിയിൽ വയോജന പാർക്ക് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.</u>

| | | |
|---|---|---|
| പദ്ധതി നമ്പർ. | : | 130/25 |
| പദ്ധതിയുടെ പേര്. | : | കൊടശ്ശേരി പറ്റക്കുന്ന് കോളനിയിൽ വയോജന പാർക്ക് ഡിവിഷൻ 12. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 7,00,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി). |
| വിനിയോഗിച്ച തുക (₹) | : | 7,00,000/- രൂപ. |
| ബിൽ നമ്പർ / തീയതി. | : | 24151463000301614924/21.03.2025 – 6,60,377/- രൂപ. |
| | : | 24151463000301614911/21.03.2025 – 39,623/- രൂപ. |

2024-25 സാമ്പത്തിക വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൊടശ്ശേരി പറ്റക്കുന്ന് കോളനിയിൽ വയോജന പാർക്ക് ഡിവിഷൻ 12 എന്ന പദ്ധതി പ്രകാരം, പി.എം.സി അക്രഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE) മുഖേന വയോജന പാർക്ക് സ്ഥാപിച്ചതിന് 7,00,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പദ്ധതി ചെലവിന്റെ ഭൂരിഭാഗവും മെക്കാനിക്കൽ ഉപകരണങ്ങൾ (Swing, Hang Swing, Duel Skier, Air Walker, Standinggggg Twister Triple, Elliptical Trainer, Exer, Cycle, Out Door Bench Swing & Park Bench) വാങ്ങി സ്ഥാപിക്കുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ജനറൽ സിവിൽ വർക്കിൽ മാത്രം പി.എം.സി അക്രഡിറ്റേഷൻ ഉള്ള KSIE ക്കാണ് ടെണ്ടർ അനുവദിച്ചിട്ടുള്ളത്.

2). പദ്ധതി നടപ്പിലാക്കിയ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ പെട്ടതല്ലെന്ന് തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 14.01.2025 ലെ എ3/7934/2024 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരുടെ ഉടമസ്ഥതയിലുള്ള ആസ്തിയിലാണ് പ്രവൃത്തി നിർവ്വഹിച്ചത് എന്നും ഗ്രാമ പഞ്ചായത്തുമായി വ്യക്തമായ കരാർ വെച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണ് എന്ന് വ്യക്തമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥലത്ത് നിർമ്മാണ പ്രവൃത്തി നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3). ഉപകരണങ്ങളുടെ ഉപയോഗം, ഉടമസ്ഥാവകാശം എന്നിവ വ്യക്തമാക്കുന്ന കരാർ വെച്ചിട്ടില്ല.

അപാകതകൾക്ക് യുക്തിസഹമായ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 7,00,000/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി. നം.19/29.09.2025 –മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 ഗവ.ഹയർസെക്കണ്ടറി സ്കൂളുകളിലെ വനിതാ ഫിറ്റ്നസ് സെന്റർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ. | : | 261/25 | 267/25 |
| പദ്ധതിയുടെ പേര്. | : | പാണ്ടിക്കാട് ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ വനിതാ ഫിറ്റ്നസ് സെന്റർ. | കാരക്കുന്ന് ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ വനിതാ ഫിറ്റ്നസ് സെന്റർ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. | |
| അടങ്കൽ തുക (₹) | : | 4,83,418/- രൂപ (വികസന ഫണ്ട് - ജനറൽ). | 4,35,918/- രൂപ (വികസന ഫണ്ട് - ജനറൽ). |
| വിനിയോഗിച്ച തുക (₹) | : | 4,71,009/- രൂപ. | 4,35,918/- രൂപ. |
| ബിൽ നമ്പർ / തീയതി. | : | 24151463000301640669/22.03.2025 | 24151463000301640664/22.03.2025 |

2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തികൾക്ക് സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചതിൽ സെന്റേജ് നിരക്കിൽ കുറഞ്ഞ തുക (1.50%) രേഖപ്പെടുത്തിയ ARTCO Malappuram എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് 14.02.2025 തീയതി നടന്ന അടിയന്തിര യോഗത്തിലെ 2/3 നമ്പർ പ്രകാരം അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ARTCO പ്രവൃത്തി പൂർത്തീകരിച്ച് ഇൻവോയ്സുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്തുകൾ നിർവ്വഹണം നടത്തേണ്ടത്. എന്നാൽ ഈ പദ്ധതിയുടെ അടങ്കൽ 5 ലക്ഷം രൂപയിൽ താഴെയാണ്.

2). പി.എം.സി വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കാനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. കുറഞ്ഞ സെന്റേജ് നിരക്ക് കോട്ട് ചെയ്തിട്ടുള്ള ARTCO യുടെ (1.5%) ടെണ്ടർ ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (14.02.2025 തീയതി നടന്ന അടിയന്തിര യോഗത്തിലെ 2/3 നമ്പർ തീരുമാനം). നോൺ പി.എം.സി അക്രഡിറ്റേഷൻ മാത്രമുള്ള ARTCO ടെണ്ടറിൽ പങ്കെടുത്തത് ക്രമ പ്രകാരമല്ല. മതിയായ പരിശോധന കൂടാതെയാണ് ടെണ്ടർ അംഗീകരിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുള്ളത്.

3). 02.09.2022 തീയതിയിലെ G.O(P) No.104/2022/Fin നമ്പർ ഉത്തരവ് പ്രകാരം ARTCO യ്ക്ക് Interior Furnishing പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതികൾ പ്രകാരം ഫിറ്റ്നസ് ഉപകരണങ്ങൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. മെക്കാനിക്കൽ, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ എന്നിവയിൽ പി.എം.സി അക്രഡിറ്റേഷൻ ഉള്ള ആരും ടെണ്ടറിൽ പങ്കെടുത്തിട്ടില്ല.

4). മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും തുടർപരിപാലനത്തിനായി ജില്ലാ പഞ്ചായത്തിന് കൈമാറിയതിന്റെയോ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5). മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.8/29.09.2025) ക്രമ നമ്പർ.1 അപാകതയ്ക്ക് മേൽ പദ്ധതികൾ ബഹു വർഷ പ്രൊജക്ടുകളായാണ് നടപ്പിലാക്കിയതെന്നും 5 ലക്ഷം രൂപ വകയിരുത്തിയിട്ടാണ് പ്രൊജക്ട് രൂപീകരിച്ചതെന്നും എന്നാൽ ടി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 5 ലക്ഷം രൂപയുടെ താഴെ മാത്രമാണ് തുക ആവശ്യമായതെന്നും ആയതിനനുസരിച്ച് പ്രൊജക്ട് റിവൈസ് ചെയ്തപ്പോഴാണ് 5 ലക്ഷത്തിൽ താഴെയായി മാറിയതെന്നും മറുപടി ലഭ്യമാക്കി. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നമ്പർ 4 അപാകതയ്ക്ക് തുടർ പരിപാലനത്തിനായി ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ടെന്നും (24.04.2025 ലെ 8/1 നമ്പർ തീരുമാനം) മറുപടി ലഭ്യമാക്കി. എന്നാൽ സെക്രട്ടറി തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. ക്രമ നമ്പർ.2, 3, 5 പ്രകാരമുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 വിജ്ഞാനവാടി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ. | : | 110/25 | 234/25 |
| പദ്ധതിയുടെ പേര്. | : | കാരക്കുന്ന് എസ്.സി കോളനി അങ്കണവാടിക്ക് മുകളിൽ വിജ്ഞാനവാടി - ഡിവിഷൻ 13. | കിഴക്കേകര എസ്.സി കോളനി അങ്കണവാടി സാംസ്കാരിക നിലയത്തിൽ വിജ്ഞാനവാടി - ഡിവിഷൻ 7. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. | |
| അടങ്കൽ തുക (₹) | : | 3,00,000/- രൂപ (വികസന ഫണ്ട് - ജനറൽ). | 3,70,000/- രൂപ (വികസന ഫണ്ട് - ജനറൽ). |
| വിനിയോഗിച്ച തുക (₹) | : | 2,96,728/- രൂപ. | 3,67,680/- രൂപ. |
| ബിൽ നമ്പർ / തീയതി. | : | 24151463000301640696/22.03.2025 | 24151463000301640688/22.03.2025 |

2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതികൾ പ്രകാരം 6,64,408/- രൂപ ARTCO യ്ക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ് എന്നിവ ക്ഷമതയുള്ള അധികാരി നിർവ്വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.08.2018 തീയതിയിലെ എ.സി.3/163/2017-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ആവശ്യപ്പെടുന്ന പക്ഷം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം സെക്രട്ടറി പാലിച്ചിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും തന്നെ അളവ് പരിശോധിച്ച് രേഖപ്പെടുത്തുകയോ, മേൽ പരിശോധന നടത്തുകയോ ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

2). തുടർപരിപാലനത്തിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് (തൃക്കലങ്ങോട്, പോരൂർ) കൈമാറിയതിന്റെയോ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3). മോണിട്ടറിംഗ് കമ്മിറ്റി പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതാണ്. എന്നാൽ പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.9/29.09.2025), പ്രസ്തുത പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.04.2025 തീയതിയിലെ 8/1 നമ്പർ പ്രകാരം ഭരണ സമിതി തീരുമാനം കൈകൊള്ളുകയും ആയത് പ്രകാരം കത്ത് നൽകുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും സെക്രട്ടറി നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്രമ നമ്പർ.1, 3 പ്രകാരമുള്ള അപാകതകൾക്ക് മറുപടി നൽകിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പദ്ധതി നമ്പർ. | : 93/25 |
| പദ്ധതിയുടെ പേര്. | : ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി. |
| അടങ്കൽ തുക (₹) | : 31,53,500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്). |
| ചെലവ് (₹) | : 23,67,150/- |
| വൗച്ചർ നമ്പർ / തീയതി. | : XVFC/2024-25/P/144 തീയതി.21.03.2025 – 15,15,672/- രൂപ. |
| | : XVFC/2024-25/P/145 തീയതി.21.03.2025 – 5,02,828/-രൂപ. |
| | : XVFC/2024-25/P/155 തീയതി.26.03.2025 – 1,68,408/- രൂപ. |
| | : XVFC/2024-25/P/156 തീയതി.26.03.2025 – 1,27,172/- രൂപ. |
| | : XVFC/2024-25/P/157 തീയതി.27.03.2025 – 53,070/- രൂപ. |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ' എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 18,350/- രൂപ നിരക്കിൽ 129 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചതിന് 23,67,150/- രൂപ Kerala Agro Industries Corporation Ltd (KAICO) (ഇൻവോയിസ് നമ്പർ. W-369/24-25/20.03.2025 & W-384/24-25/26.03.2025) എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സമാന പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്ത് ബോട്ടിൽ

ബൂത്തുകൾ സ്ഥാപിച്ചു.

2024-25 സാമ്പത്തിക വർഷത്തിൽ സമാന പദ്ധതിക്കായി ഫണ്ട് വകയിരുത്തിയതായി അറിയിച്ചിട്ടുള്ള താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിലും മേൽ പദ്ധതി പ്രകാരം ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

1). പോരൂർ ഗ്രാമപഞ്ചായത്ത്.

2). വണ്ടൂർ ഗ്രാമപഞ്ചായത്ത്.

3). മമ്പാട് ഗ്രാമപഞ്ചായത്ത്.

4). പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്.

5). തിരുവാലി ഗ്രാമപഞ്ചായത്ത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഫണ്ട് വകയിരുത്താത്തത്. നടപടി ക്രമങ്ങൾ പാലിക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2). ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചതായി KAICO അവകാശപ്പെട്ടിട്ടുണ്ടെങ്കിലും ഇവ സ്ഥാപിച്ചതായി അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി നൽകുകയോ, ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3). പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. യുക്തിസഹമായ മറുപടി ഈ വിഷയത്തിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 23,67,150/-രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 14/29.09.2025 –മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-19 ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - അപാകതകൾ.

| | | |
|---|---|---|
| പദ്ധതി നമ്പർ. | : | 268/25 |
| പദ്ധതിയുടെ പേര്. | : | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 10,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്). |
| വിനിയോഗിച്ച തുക (₹) | : | 9,42,024/- രൂപ. |
| ബിൽ നമ്പർ / തീയതി. | : | 241514630003016406 79/22.03.2025 |

2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചതിൽ സെന്റേജ് നിരക്കിൽ കുറഞ്ഞ തുക (1.50%) രേഖപ്പെടുത്തിയ ARTCO Malappuram എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് 14.02.2025 തീയതി നടന്ന അടിയന്തിര യോഗത്തിലെ 2/3 നമ്പർ പ്രകാരം അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ARTCO പ്രവൃത്തി പൂർത്തീകരിച്ച് ഇൻവോയിസുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി

പ്രകാരം 9,42,024/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ) നമ്പർ.90/2023/ LSGD തീയതി.09.04.2023) പ്രകാരം കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് മാത്രമേ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടുള്ളു. എന്നാൽ മേൽ പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് ഫർണിച്ചർ സ്ഥാപിക്കുന്നതിനുള്ള തുക ചെലവഴിച്ചിട്ടുള്ളത്.

2). സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ് എന്നിവ ക്ഷമതയുള്ള അധികാരി നിർവ്വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.08.2018 തീയതിയിലെ എ.സി.3/163/2017-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം സെക്രട്ടറി പാലിച്ചിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും അളവ് പരിശോധിച്ച് രേഖപ്പെടുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

2). 27.09.2025 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ, ഓഫീസിലെ ചുമരുകളിൽ സ്ഥാപിച്ചിട്ടുള്ള കബോർഡുകളുടെ ഒരു ഭാഗം തകർന്നതായി കാണപ്പെട്ടു. മതിയായ സപ്പോർട്ടുകളില്ലാതെയാണ് ചുമരുകളിൽ കബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇൻവോയ്സിലെ ക്രമ നമ്പർ.1 പ്രകാരം ഈയിനത്തിന് മാത്രം 3,83,118.45 രൂപ (ജി.എസ്.ടി ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്.

3). മോണിട്ടറിംഗ് കമ്മിറ്റി, പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതാണ്. എന്നാൽ പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 2 പ്രകാരം സംഭവിച്ച അപകത സ്ഥാപനവുമായി ബന്ധപ്പെട്ട് അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി. നം.15/29.09.2025 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 വണ്ടൂർ താലൂക്ക് ആശുപത്രി മാനേജിംഗ് കമ്മിറ്റി-AFS ലഭ്യമാക്കിയില്ല

വണ്ടൂർ താലൂക്ക് ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ് ചെലവ് കണക്കുകൾ 30.04.2019നകം ലഭ്യമാക്കാൻ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 3.04.2019ലെ കെ.എസ്.എ.എം.പി.എം.16/TH-6/AFS/2017-18 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 4.05.2019ലെ സി2-371/19 നം കത്ത് പ്രകാരം 2018-19 വർഷത്തെ വരവ് ചെലവ് കണക്കുകൾ മാത്രമാണ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുള്ളത്. ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നതിന് 14.06.2019ലെ കെ.എസ്.എ.എം.പി.എം.16/1015/2019 നമ്പർ കത്ത് പ്രകാരം വീണ്ടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതു വരെ ആയത് ലഭ്യമാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ് ചെലവ് കണക്കുകളും 2019-20 മുതൽ 2024-25 വരെയുള്ള വരവ് ചെലവ് കണക്കുകളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-2/25.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 ഈവനിംഗ് ഒ.പി. ഡോക്ടർക്ക് അധികം വേതനം നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | 85/25 - താലൂക്ക് ആശുപത്രി ഡോക്ടർ ഫാർമസിസിറ്റ് എന്നിവർക്ക് വേതനം |

| | |
|---|---|
| | നൽകൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) |
| അടങ്കൽ (₹) | 5,00,000/- (വികസന ഫണ്ട് - ജനറൽ)<br>3,60,000/-(തനത് ഫണ്ട്) |
| ചെലവ് (₹) | 4,94,090/- (വികസന ഫണ്ട് - ജനറൽ)<br>2,60,910/-(തനത് ഫണ്ട്) |

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് മുഖേന, വണ്ടൂർ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഈവനിംഗ് ഒ.പി ഡോക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ഡോ. റസ്ന.കെ എന്നവർക്ക് വേതനം നൽകിയിട്ടുണ്ട്. ടിയാൾക്ക് 2024 ഒക്ടോബർ മാസത്തെ വേതനം നൽകിയതിൽ ഹാജർ രജിസ്റ്റർ, മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഹാജർ സാക്ഷ്യപത്രം എന്നിവ പ്രകാരമുള്ള ജോലി ദിനങ്ങൾക്ക് അർഹമായതിനേക്കാൾ കൂടുതൽ തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ വിവരം | 2024 ഒക്ടോ മാസത്തിൽ ജോലി ചെയ്ത ദിനങ്ങളുടെ എണ്ണം | അർഹമായ വേതനം (₹) | നൽകിയ വേതനം (₹) | അധികമായി നൽകിയ വേതനം (₹) | തുക കൈമാറിയ ബിൽ നം.(BRN)/ തീയ്യതി |
|---|---|---|---|---|---|
| ഡോ. റസ്ന.കെ, അക്കൗണ്ട് നം. : 0855101066207 IFSC :CNRB0000855 | 25 (ആകെ 30 ദിവസത്തിൽ വീക്ക്‌ലി ഓഫ് ആയി രേഖപ്പെടുത്തിയ 4 ദിവസങ്ങളും കാഷ്വൽ ലീവ് ആയി രേഖപ്പെടുത്തിയ 1 ദിവസവും ഒഴികെ) | 25 * 1,960 = 49,000 | 52,920 | 52,920 – 49,000 = 3,920 | 24151463020400874429/ 07.11.2024 |

വേതനമായി നൽകിയ അധിക തുക 3,920/- രൂപ തിരികെ ഈടാക്കി സർക്കാർ ശീർഷകത്തിലേയ്ക്ക് തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-10/29.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 താലൂക്ക് ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

1

| | |
|---|---|
| പ്രൊജക്ട് | 88/2025, താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഫണ്ട്(റോഡിതരം) -2000000 |
| ചെലവ് | മെയിന്റനൻസ് ഫണ്ട്(റോഡിതരം) -1876756 |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 24151463020401271966/04.02.2025 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PRF3387/01.02.2025 RS 302137 |

മേൽ പ്രൊജക്ട് പ്രകാരമുള്ള ചെലവ് തുകയിൽ നിന്ന് താലൂക്ക് ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 302137/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്ട് | 79/2025, സെക്കൻഡറി പാലിയേറ്റീവ് |
| ഫണ്ട്/അടങ്കൽ | വികസന ഫണ്ട് ജനറൽ-310516<br>മെയിന്റനൻസ് ഫണ്ട്<br>(റോഡിതരം) -400000 |
| ചെലവ് | വികസന ഫണ്ട് ജനറൽ-310516<br>മെയിന്റനൻസ് ഫണ്ട്<br>(റോഡിതരം) -383577 |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 241514630204013O8466/11.02.2025 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ.) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PRF2470/13.12.2024 RS 279223 |

മേൽ പ്രൊജക്ട് പ്രകാരം ആകെ ചെലവ് തുകയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 279223/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ക്രമ നമ്പർ 1,2 പ്രൊജക്ടുകളിൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടെ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-12/29.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 വാഹന വാടകയ്ക്ക് ആദായ നികുതി ഈടാക്കിയില്ല, മറുപടി നൽകേണ്ടതാണ്

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നമ്പർ |
|---|---|---|---|
| 79/25 സെക്കന്ററി പാലിയേറ്റീവ് | 310516/- (വികസനം ജനറൽ) 400000 മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 310516/- (വികസനം ജനറൽ) 383577 മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 24151463020400224707/ 28.05.2024-RS 17600 |
| | | | 24151463020400337653/ 28.06.2024-RS 16500 |
| | | | 24151463020400429312/ 19.07.2024-RS 16500 |
| | | | 24151463020400516973/ 8.08.2024-RS 17600 |
| | | | 24151463020400643008/ 09.09.2024-RS 17600 |
| | | | 24151463020400852047/ |

| | | | |
|---|---|---|---|
| | | | 02.11.2024-RS 17600 |
| | | | 24151463020400939685/ 23.11.2024-RS 17600 |
| | | | 24151463020401085067/ 24.12.2024-RS 17600 |
| | | | 24151463020401155574/ 09.01.2025-RS 17600 |
| | | | 24151463020401348262/ 19.02.2025-RS 17600 |
| | | | 24151463020401416315/ 04.03.2025-RS 17600 |
| | | | 24151463020401641710/ 22.03.2025-RS 17600 |
| | | ആകെ | 209000 |

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയറിന് വാഹന വാടകയിനത്തിൽ വാഹനയുടമ ശ്രീ.അബ്ദുൽ നാസർ, തോരപ്പ എന്നവർക്ക് 209000/-രൂപ അനുവദിച്ചപ്പോൾ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 C പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്ടർമാർക്ക് നൽകുന്ന തുക പ്രതിവർഷം 1,00,000/- രൂപയിൽ കൂടുമ്പോൾ അവ PAN CARD സമർപ്പിച്ചിട്ടുണ്ടെങ്കിൽ 1% ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 20% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ-13/29.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി നൽകേണ്ടതാണ്. ആദായനികുതി വകുപ്പിന് TDS നടത്താത്ത വ്യക്തികൾക്ക് എതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കാം എന്നിരിക്കെ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 എസ്.സി.ഡി.ഒ ഓഫീസ് പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകതകൾ

എസ്.സി.ഡി.ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതി പ്രകാരം എസ്.സി.ഡി.ഒ ഓഫീസ് പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. (SANITARY NAPKIN DESTROYER, RING COMPOST,WATER TANK എന്നിവ KAICO വണ്ടൂരിൽ നിന്നും LAPTOP, PRINTER, SCANNER എന്നിവ LEGENDARY DISTRIBUTORS, പെരിന്തൽമണ്ണയിൽ നിന്നും UPS/Inverter, Battery എന്നിവ SPECLINE POWER SOLUTIONS, MANNAMPARA നിന്നുമാണ് വാങ്ങിയിട്ടുള്ളത്.) ആയത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ഉണ്ട്.

| പ്രൊജക്ട് നമ്പർ | ഇൻവോയ്സ് നം | തുക | ഉപകരണം | ജെം കോൺട്രാക്ട് നം, വാറണ്ടി |
|---|---|---|---|---|
| 102/25 എസ്.സി.ഡി.ഒ ഓഫീസ് പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ | 1.W-376/24-25/ Dtd 24.03.25 | 57506 | SANITARY NAPKIN DESTROYER, RING COMPOST,WATER TANK | KAICO യിൽ നിന്നും നേരിട്ട് വാങ്ങി |
| | 2.MLP/1000282/ 2425 Dtd 21.03.25 | 39999 | LAPTOP | GEMC511687799611363 1 Year Onsite OEM .(As Per GEM-39981) |

| | | | | |
|---|---|---|---|---|
| ഉപകരണങ്ങളും വാങ്ങൽ അടങ്കൽ-MGNR-250000 ചെലവ്-MNR-248500 ബിൽ/വൗച്ചർ നമ്പർ-24151463020101695736 /25.03.25 RS-248500 | | | | |
| | 3.MLP/1000283/ 2425 Dtd 21.03.25 | 24499 | PRINTER | GEMC-511687775805726 1 Year . |
| | 4.MLP/1000284/ 2425 Dtd 21.03.25 | 36525 | SCANNER | GEMC511687754114157 3 Year Onsite OEM |
| | 5.MLP/1000310/ 2425 Dtd 24.03.25 | 39981 | LAPTOP | GEMC511687745899763 1 Year Onsite OEM |
| | 6.SL/24250200/22.03.2025 | 49990 | UPS/Inverter, Battery | GEMC511687704489030 2 Year Onsite OEM |

1. ക്രമ നമ്പർ 1 പ്രകാരമുള്ള SANITARY NAPKIN DESTROYER, RING COMPOST,WATER TANK എന്നിവയും ക്രമ നമ്പർ 2, 5 പ്രകാരമുള്ള ലാപ്ടോപ്പുകളും പ്രീ മെട്രിക് ഹോസ്റ്റലിലേക്കാണ് വാങ്ങിയിട്ടുള്ളത്. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലാപ്ടോപ്പുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ആരും തന്നെ കൈപ്പറ്റിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. മറ്റുള്ളവ സ്റ്റോക്കിൽ എടുക്കുകയോ Issue വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഒരു നോട്ട് പുസ്തത്തിൽ Electronic Equipments ന്റെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ എന്നിവയോ രേഖപ്പെടുത്തുന്നില്ല.

3) കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 147 ലെ വ്യവസ്ഥപ്പെടുത്തൽ പ്രകാരം, വാങ്ങുന്ന ഉപകരണങ്ങൾ യഥാവിധി ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്കെടുപ്പ് ശരിയായ രീതിയിൽ നടത്താതെ തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തുകയോ, ബിൽ ഓഫീസ് പകർപ്പിൽ സ്റ്റോക്കെടുപ്പ് സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആയതിന് ശേഷമാണ് വിതരണക്കാരന് പണം അനവദിക്കാവുന്നത്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം, സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ-17/29.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല – ഈടാക്കാൻ ഭരണ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തി പൂർത്തീകരണത്തിന്റെ ഒറിജിനൽ സമയത്തിന്റെ 25 % വരെ ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | മണലത്തോട് സൈഡ് സംരക്ഷണം(46/24,172/25)<br>BRN-24151463020501682144/23.4.25 തുക 480453<br>ചെക്ക് നം.0406200967/23.4.25 തുക 19039<br>ഫണ്ട് - വികസന ഫണ്ട് /തനത് ഫണ്ട്<br>കരാർ തുക – 423299<br>അളവ് പുസ്തകം E M .Book<br>കരാർ - 23AE/LID&EW/WB/22-23 തി.23.1.24<br>കരാറുകാരൻ - T.P രവി<br>പൂർത്തീകരണ കാലാവധി - 9 മാസം (As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 6.2.24<br>പൂർത്തീകരിക്കേണ്ട തീയ്യതി .5.11.24<br>പൂർത്തീകരിച്ച തീയ്യതി - 21.3.25 | **8466**<br>5.11.24-4.2.25 1% Of PAC =4232.99<br>5.2.25-21.3.25 2% Of PAC=8465.98x45/90=4232.99 |
| 2 | പുതിയത്ത് കോളനി ഭവന സുരക്ഷ(231/23,147/25)<br>BRN-24151463020501406651/1.5.25തുക 489049<br>ഫണ്ട് - വികവന ഫണ്ട് (എസ്.സി.പി)<br>കരാർ തുക – 423125<br>അളവ് പുസ്തകം E M .Book | **7239.**<br>15.10.24-14.1.25 1% Of PAC =4231.25<br>15.1.25-15.2.25 2% Of PAC=8462.5x32/90=3008 |

| | | |
|---|---|---|
| | കരാർ - 50/AE/LID&EW/WB/23-24 തി.13.2.24<br>കരാറുകാരൻ - T.P അബ്ദുൾ നാസർ ടി.പി<br>പൂർത്തീകരണ കാലാവധി - 8 മാസം (As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 16.2.24<br>പൂർത്തീകരിക്കേണ്ട തീയ്യതി .15.10.24<br>പൂർത്തീകരിച്ച തീയ്യതി - 15.2.25 | |
| | ആകെ | 15705 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (6/29.9.25) നൽകിയതിന് തുക അടവാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. ഈടാക്കാൻ വിട്ടുപോയ പിഴ ഈടാക്കി അടവാക്കി അറിയിക്കേണ്ടതാണ്.

## 1-26 നിശ്ചിത സമയത്തിനകം കരാർ വെക്കാത്തത് -പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയത്തിനകം കരാർ ചമച്ചതായി കാണുന്നില്ല. LOA പ്രകാരവും 2012 ലെ PWD Manual ലെ സെക്ഷൻ 2009.6 ലെ വ്യവസ്ഥപ്പെടുത്തൽ പ്രകാരവും 14 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതാണെന്നിരിക്കെ പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | L OA തിയ്യതി | കരാർ / കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | തെക്കുംപുറം മുല്ലശ്ശേരി റോഡ് (226/25) | 16.3.24 | 04/A E/LID&E I W/ WB/24-25 Dt .20.6.24 അബ്ദുൾ കരീം | 165835 | 1658 |
| 2 | തരിപ്പടി കുടിവെള്ള പദ്ധതി (35/25) | 16.3.24 | 01/AE/LID&EIW/ WB/24-25 Dt.10.6.24 മുഹമ്മദ് അരുവീട്ടിൽ | 431241 | 4312 |

| | | | | | |
|---|---|---|---|---|---|
| 3 | അത്തിക്കുന്ന് കുടിവെള്ളപദ്ധതി (186/25) | 20.1.25 | 25/AE/LID&EIW/ WB/24-25 Dt.10.2.25 റാഹിന മാടശ്ശേരി | 712995 | 7130 |
| 4 | പുല്ലോട് വായനശാല തണ്ടുകടവ് റോഡ് (152/25) | 7.6.24 | 06/AE/LID&EIW/ WB/24-25 Dt.27.6.24 | 423238 | 4232 |
| | | | ആകെ | | 17332 |

അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതും അർഹമായ പിഴ ഈടാക്കിയ വിവരം അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(20/3.10.25) നൽകിയതിന് പിഴ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി .പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 ഇ ടെണ്ടർ ഫീ -ബ്ളോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇ- ടെണ്ടർ ആവശ്യങ്ങൾക്കായി വണ്ടൂർ SBI A/C No. 39598243193 ന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.3.2025ൽ നീക്കി ബാക്കിയായി 152590 രൂപ അവശേഷിക്കുന്നുണ്ട്. ടി തുക ബ്ളോക്ക് പഞ്ചായത്തിലേക്ക് കൈമാറിയതായി കാണുന്നില്ല.കൂടാതെ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.16/29.9.25) നൽകിയതിന് തുക ബ്ളോക്ക് അക്കൗണ്ടിലേക്ക് അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക കൈമാറി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.

വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ). | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 27 | 160500 | 160500 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1, അനുബന്ധം1,2 ആയി ചേർത്തിട്ടുണ്ട്. |

## 4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ട് നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 1/25 – പി.എം.എ).വൈ. ഭവന പദ്ധതി ജനറൽ | 14,26,000 | 14,26,000 | 0 |
| | 2/25 – പി.എം.എ).വൈ. ഭവന പദ്ധതി എസ്.സി.പി | 11,90,000 | 11,90,000 | 0 |
| | **ആകെ** | **26,16,000** | **26,16,000** | **0** |
| ജില്ലാ | 1/25 – | 98,000 | 98,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | പി.എം.എ.വൈ. ഭവന പദ്ധതി ജനറൽ | | | |
| | | 2/25 – പി.എം.എ.വൈ. ഭവന പദ്ധതി എസ്.സി.പി | 4,90,000 | 4,90,000 | 0 |
| | പഞ്ചായത്ത് | 6/25 – പി.എം.എ.വൈ.ജി- പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകൽ | 70,000 | 70,000 | 0 |
| | | **ആകെ** | **6,58,000** | **6,58,000** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം.,തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പാലാമഠം പൊയ്യക്കര കുടിവള്ള പദ്ധതി വൈദ്യുതികണക്ഷൻ ലഭ്യമാക്കൽ (പ്രോജക്ട് നം. 241/2025) | XVFC/2024-25/ P/117&118 തീയതി. 21.01.2025 & 23.01.2025 | 28,008 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി | 0 |
| കെ.എസ്.ഇ.ബി | താലൂക്കാശുപത്രി ഡയാലിസിസ് സന്ററിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ കെ.എസ്.ഇ.ബി ക്ക് തുക അടവാക്കൽ (പ്രോജക്ട് നം. 264/2025) | RBI0812512137287 തീയതി. 21.03.2025 | 7,47,225 | | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്.

ഇല്ല.

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി.

ഇല്ല.

**4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് - വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2007-08 | 2(7) | മുൻകൂർ നൽകി - പൂർത്തീകരണ വിവരമില്ല. | നിയമസഭ സമിതിയുടെ പരിഗണനയിൽ. |
| 1999-2000 | | 2007-08 | 2(19) | മിനി വ്യവസായ യൂണിറ്റ് - തൊഴിൽ യൂണിറ്റുകൾ ലക്ഷ്യം കണ്ടില്ല. | നിയമസഭ സമിതിയുടെ പരിഗണനയിൽ. |

**4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.**

ഇല്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 13,49,30,703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 13,30,84,190 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 30,67,150 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 7,00,000 | മുഹമ്മദ് അഷ്റഫ്. വൈ. പി, സെക്രട്ടറി |
| 1-18 | 23,67,150 | മുഹമ്മദ് അഷ്റഫ്. വൈ. പി, സെക്രട്ടറി |
| ആകെ | 30,67,150 | |

ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല.

ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.എം.2134(1)/14, തീ. 13.05.2015 | 1 |
| 2 | 1997-98 | എൽ.എഫ്.എം.2134(2)/14, തീ. 13.05.2015 | 7 |
| 3 | 1998-99 (ചെലവ്) | എൽ.എഫ്.എം.14/2134/05, തീ. 17.05.2015 | 28 |
| 4 | 1999-00 (ചെലവ്) | എൽ.എഫ്.എം./2134/14(4), തീ. 13.05.2015 | 2 |
| 5 | 2000-01 (ചെലവ്) | എൽ.എഫ്.എം./2134(5)/14, തീ. 13.05.2015 | 13 |
| 6 | 2003-04 | കെ.എസ്.എ).എം.പി.എം.8/1314/2017, തീ. 30.03.2017 | 23 |
| 7 | 2004-05 | കെ.എസ്.എ).എം.പി.എം. 8/109/16, തീ. 08.03.2017 | 10 |
| 8 | 2005-06 | കെ.എസ്.എ).എം.പി.എം.8/433/16, തീ. 30.03.2017 | 24 |
| 9 | 2006-07 | കെ.എസ്.എ).എം.പി.എം.8/3297/15, തീ. 14.06.2017 | 8 |
| 10 | 2007-08 | എൽ.എഫ്.എം.8/2039/15, തീ. 23.01.2016 | 4 |
| 11 | 2008-09 | എൽ.എഫ്.എം.4/2134/14(10), തീ. 13.05.2015 | 13 |
| 12 | 2009-10 | എൽ.എഫ്.എം.4/2134/14(11), തീ. 13.05.2015 | 5 |
| 13 | 2010-11 | എൽ.എഫ്.എം.4/2134/14(12), തീ. 13.05.2015 | 15 |
| 14 | 2011-12 2012-13 | കെ.എസ്.എ).എം.പി.എം.4/2134/16 തീ. 13.05.2015 | 17 |
| 15 | 2013-14 | എൽ.എഫ്.എം.4/201/15 തീ. 29.01.2016 | 9 |
| 16 | 2014-15 | കെ.എസ്.എ).എം.പി.എം8/2562/15, തീ. 30.03.2017 | 11 |
| 17 | 2015-16 | കെ.എസ്.എ).എം.പി.എം.8/599/17, തീ. 18.03.2017 | 14 |
| 18 | 2016-17 | കെ.എസ്.എ).എം.പി.എം.8/2485/17, | 14 |

| | | | |
|---|---|---|---|
| | | തീ. 30.11.2017 | |
| 19 | 2017-18 | കെ.എസ്.എ).എം.പി.എം.8/2854/18, തീ. 04.10.2019 | 21 |
| 20 | 2018-19 | കെ.എസ്.എ).എം.പി.എം.8/41/20, തീ. 01.04.2023 | 11 |
| 21 | 2019-20 | കെ.എസ്.എ).എം.പി.എം.8/1338/22 തീ.31.05.2023 | 8 |
| 22 | 2020-21 | കെ.എസ്.എ).എം.പി.എം.8/1339/22, തീ. 19.09.2022 | 16 |
| 23 | 2021-22 | കെ.എസ്.എ).എം.പി.എം.8/1339/22, തീ. 29.05.2022 | 15 |
| 24 | 2022-23 | കെ.എസ്.എ).എം.പി.എം.8/1476/2023, തീ. | 25 |
| 25 | 2023-24 | കെ.എസ്.എ).എം.പി.എം.8/213/2024, തീ.07.07.2025 | 17 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 13-06-2025 and submitted on 11-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Wandoor Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Wandoor Block Panchayat as on 31-03-2025

**Date: 11/11/2025** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Wandoor Block Panchayat for the Year 2024-2025.

### 1.Major Observations

Nil.

### 2.Other Observations

1) The following mandatory financial statements prescribed in
accounting rules of Kerala Panchayath Raj (Accounts),
2011 are not submitted for audit.
a)Ratios

b)notes on accounts

c)Comparative Statements

2) Net increase/decrease in cash flow does not match with the net cash generated by operating, investing and financial activities and closing balance of cash and cash equivalents .

3) CFC Grant received is not in match with ACR and AFS .

4) The auction of Building is not accounted in AFS.

5) Sum of Rs. 27,40,000/- is pending to be received from government as redumption amount.

6) Capital contribution amount shown in Balance sheets as on 31.3.24 and 31.3.25 are the same.

7) Non disclosure of liability with respect to the bank balance opened for specific purpose is shown below.

| Sl.No. | Head | Bank Account | Amount (in Rupees) |
|---|---|---|---|
| 1 | 450210102 | SBT Tender Fee<br>41627286958 | 5,69,908 |
| 2 | 450450105 | Treasury âÂÂÂÂ Special funds-5 | 1,00 |
| 3 | 450610106 | SBT (Keralotsavam)<br>67099982278 | 9,10,452 |
| 4 | 450610107 | SBT (ICDS)<br>670034958069 | 10,45,180 |

8) Depreciation provided for the group assets Roads and Bridges as on 31.3.25 is more than the book value of such assets.

9) Expenditure incurred using funds like Central finance Commission grant, District Panchayath share, Grama Panchayath Share etc Varies in annual financial statements as compared to Sulekha Statement of expenditure details of which are shown below.

| Sl.No. | Fund | Expenditure as per Sulekha Statement (In Rupees) | Expenditure as per the Annual Financial Statement (in Rupees) | | | Difference (In Rupees) |
|---|---|---|---|---|---|---|
| | | | Revenue Expenditure (Shedule I6) | Capital Expenditure (Shedule | Total | |

| | | | | | | |
|---|---|---|---|---|---|---|
| | | | | **B-3)** | | |
| 1 | Central Financial Commission Grant | 2,21,81,006 | 2,44,49,897 | - | 2,44,49,897 | 22,68,891 |
| 2 | Block panchayat Share | 6,58,000 | 13,31,484 | - | 13,31,484 | 6,73,484 |
| 3 | Grama panchayat Share | 26,16,000 | 23,25,793 | - | 23,25,793 | 2,90,207 |

10) Provision towards doubtful amount is not provided for arrears of rent.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്